മാവേലി സ്റ്റോറുകളിലും റേഷൻ കടകളിലും നടക്കുന്ന അഴിമതി

815. ശ്രീമതി കെ. ആർ. ഗൗരി ;
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :
,, സി. കെ. ചക്രപാണി :
,, കെ. മൂസ്സക്കുട്ടി :
,, കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലും കേരള സ്റ്റോറുകളിലും റേഷൻ കടകളിലും വ്യാപകമായി അഴിമതി നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ അഴിമതികൾക്കെല്ലാം ഉന്നത ഉദ്യോഗസ്ഥൻമാരും കൂട്ടു നിൽക്കുന്നതായുള്ള പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ എന്ത് നടപടിയെടുത്തു ;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ട് ?

ഉത്തരം

(എ) ഇല്ല. ചിലപ്പോൾ ചില പരാതികൾ ലഭിക്കാറുണ്ട്.

(ബി) ഇല്ല.

(സി) മാവേലി സ്റ്റോറുകളിലെ പരാതികൾ സംബന്ധിച്ച് അന്വേഷിച്ചതിന്റെ ഫലമായി 121 കേസുകളിൽ ശിക്ഷാപരമായ നടപടികളും 6 കേസുകളിൽ ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്യുന്ന നടപടികളും സ്വീകരിക്കുകയുണ്ടായി. ഗുരുതരമായ ക്രമക്കേടുകൾ കണ്ടുപിടിച്ച് 4 കേസുകളിൽ പോലീസ് കേസെടുക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

റേഷൻ കടകളിൽക്കൂടി വിതരണം ചെയ്യുന്ന അരി

816. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകളിൽക്കൂടി വിതരണം ചെയ്തുകൊണ്ടിരിക്കുന്ന അരി തികച്ചും ഉപയോഗശൂന്യമാണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഉപയോഗശൂന്യമായ ഇത്തരം അരി വിതരണം ചെയ്യാതിരിക്കാൻ വേണ്ട നടപടികൾ എടുക്കുമോ ?

ഉത്തരം

(എ, ബി, സി.) തികച്ചും ഉപയോഗശൂന്യമായ അരി വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചിലയവസരങ്ങളിൽ ഫുഡ് കോർപ്പറേഷനിൽനിന്നും വിതരണം ചെയ്തിട്ടുള്ള അരിയുടെ ഗുണനിലവാരം തൃപ്തികരമല്ലെന്ന ആക്ഷേപമുണ്ടായിട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

അരി വിതരണം ചെയ്യാൻ പാടില്ല എന്ന് ക്ഷേ്യ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഡിപ്പാർട്ടുമെൻറിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ റീട്ടെയിൽ റേഷൻ ഷോപ്പുകൾ

817. ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീട്ടെയിൽ റേഷൻകടകൾ അനുവദിക്കുന്നതിൻെറ മാനദണ്ഡം എന്ത് ;

(ബി) പ്രസ്തുത റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) റേഷൻ വാങ്ങുന്നതിന് കാർഡുടമകൾക്ക് ബുദ്ധിമുട്ടും അസൗകര്യവും ഉണ്ടാകാത്തവിധം ഓരോ പ്രദേശത്തിൻേറയും ആവശ്യകത മുൻനിറുത്തിയാണ് റീട്ടെയിൽ റേഷൻകടകൾ അനുവദിക്കുന്നത്.

(ബി) അരി, ഗോതമ്പ്, ലെവി പഞ്ചസാര, മണ്ണെണ്ണ, വെളിച്ചെണ്ണ എന്നീ നിത്യോപയോഗ സാധനങ്ങൾ ഇപ്പോൾ വിതരണം ചെയ്യുന്നു.

പുതിയ റേഷൻഷോപ്പുകൾക്കുവേണ്ടിയുള്ള അപേക്ഷ

818. ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി റേഷൻ ഷോപ്പുകൾ അനുവദിക്കുന്നതിനായി അയച്ച അപേക്ഷകൾ പരിഗണിക്കാതിരുന്നിട്ടുണ്ടോ ; എങ്കിൽ അതിൻെറ കാരണം എന്ത് ;

(ബി) ഇത്തരം അപേക്ഷകൾ പരിഗണിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ, ബി.) പുതുതായി റേഷൻ ഷോപ്പുകൾ ആവശ്യമാണെന്ന് കാണുന്ന സ്ഥലങ്ങളിൽ റേഷൻ ഷോപ്പുകൾ അനുവദിക്കുക എന്നതാണ് ഗവൺമെൻറിൻെറ നയം. അർഹമായ അപേക്ഷകൾ അനുവദിക്കുന്നുണ്ട്.

സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറ് സ്റ്റോറുകൾ

819. ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറ് സ്റ്റോറുകൾ കൂടുതൽ സ്ഥലങ്ങളിൽക്കൂടി തുറക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഓരോ മണ്ഡലത്തിലും രണ്ട് സ്റ്റോറുകൾ വീതം എങ്കിലും തുടങ്ങാൻ തീരുമാനിക്കുമോ ?

ഉത്തരം

(എ, ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ സാമ്പത്തിക സ്ഥിതി പരിഗണിച്ച് വളരെ അത്യാവശ്യമായ കേന്ദ്രങ്ങളിൽ പരിമിതമായ നിലയിൽ സ്റ്റോറുകൾ അനുവദിക്കുക എന്നതാണ് നയം.

LIBRARY ARCHIVES Kerala Legislative Assembly